## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം- കോട്ടയം നഗരസഭ- കുമാരനല്ലൂർ മേഖല- വാസഗൃഹ നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- കോട്ടയം നഗരസഭ സെക്രട്ടറിയുടെ 14.01.19-ലെ KPW1/BA/455/18-19 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ C/68/2019/K.Dis** **തീയതി: 04.02.2019**

---

കോട്ടയം നഗരസഭയിൽ പെരുമ്പായിക്കാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 26-ൽ റീ സർവ്വേ നമ്പർ 518/11-2-ൽപെട്ട 1.21 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത്, 52.42 ചതുരശ്ര വിസ്തീർണ്ണമുള്ള ഒറ്റനില വാസഗൃഹം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥലം അംഗീകരിച്ച കോട്ടയം വികസന പദ്ധതി പ്രകാരം നെൽവയൽ മേഖലയിൽ ഉൾപ്പെടുന്നു. ടി മേഖലയിൽ 300 ചതുരശ്ര മീറ്ററിൽ താഴെ വരെ വിസ്തീർണ്ണമുള്ള സിംഗിൾ ഫാമിലി റസിഡൻഷ്യൽ ബിൽഡിംഗിന് ടൗൺ പ്ലാനറുടെ കൺകറൻസ് ആവശ്യമാണ്. ടി വിഭാഗത്തിൽപ്പെടുന്ന വാസഗൃഹ നിർമ്മാണമായതിനാൽ താഴെ ചേർക്കുന്ന നിബന്ധനയ്ക്ക് വിധേയമായി മേഖലാ നിയന്ത്രണ ചട്ടം പ്രകാരം കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധന:-

1) കെ.എം.ബി.ആർ-1999 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2) സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3) നിർദ്ദിഷ്ട സ്ഥലത്ത് വികസന / നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും, അനുബന്ധ സർക്കുലറുകൾക്കും, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
4) പ്രസ്തുത നിർമ്മാണം കെ.എം.ബി.ആർ.-1999-നും, അനുബന്ധ ചട്ടങ്ങൾക്കും, ഭേദഗതികൾക്കും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.
(Concurrence No. 07/19/KTYM)

OFFICE OF THE TOWN PLANNER KOTTAYAM PIN - 686 001 PH: 2564160

സുജാ മത്തായി
നഗരാസൂത്രക

സെക്രട്ടറി, കോട്ടയം നഗരസഭ (ഉള്ളടക്കം സഹിതം).

പകർപ്പ് :1. ശ്രീ. ഇസ്മായിൽ, ചെന്തിട്ടയിൽ, മരിയാതുരുത്ത് പി.ഒ., കോട്ടയം.
2. അധികം- 1.

A/04.02.2019.